GMLP SCHOOL
KATTUMUNDA EAST

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



GMLPS കാട്ടുമുണ്ട ഈസ്റ്റ്

# ആമുഖം

2025 - 26 അധ്യയനവർഷത്തെ മാസ്റ്റർ പ്ലാൻ ഇവിടെ തയ്യാറാക്കുമ്പോൾ ജി. എം.എൽ. പി സ്കൂൾ കാട്ടുമുണ്ട ഈസ്റ്റിന്റെ സമഗ്രമായ രൂപരേഖ തെളിയുകയാണ്.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലൂടെ ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക, സർഗാത്മക, വൈജ്ഞാനിക, വ്യക്തിത്വ വികസനമാണ് സാധ്യമാകുന്നത്. ഇതിൽ മുഖ്യപങ്കു- വഹിക്കുന്ന എസ്എംസി പ്രവർത്തനങ്ങൾ സ്കൂൾ റേഡിയോ, ടാലന്റ് പ്രവർത്തനങ്ങൾ സി പി ടി എ ഇവയെല്ലാം ഏകോപിപ്പിക്കുന്ന എസ് ആർ ജി എന്നിവയെ കുറിച്ചുള്ള സമഗ്രമായ ധാരണ ഇതിൽ നിന്നും ലഭ്യമാകുന്നു. വിഷയബന്ധിതമായി കുട്ടികൾക്ക് ലഭിക്കേണ്ട ശേഷികൾ അവയുടെ ക്രമാനുഗതമായ വളർച്ച എന്നിവയെക്കുറിച്ച് പ്രക്രിയാ ബന്ധിതമായി സമന്വയിപ്പിച്ച് വിദ്യാർത്ഥികൾക്ക് നൽകുന്നത് എപ്രകാരമായിരിക്കണം എന്നും ഈ മാസ്റ്റർപ്ലാൻ സമഗ്രമായി വിശദീകരിക്കുന്നു

# എസ് ആർ ജി

വിദ്യാലയത്തിലെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് അനുചിത പ്രവർത്തനങ്ങൾ ആക്കി കുട്ടികളിൽ എത്തിക്കുന്നതിനായി എസ് ആർ ജി തലത്തിലെ ആലോചനകളും തീരുമാനങ്ങളും സഹായിക്കുന്നു. സ്കൂൾതലത്തിലെ അനുചിതമായ പ്രവർത്തനങ്ങളെ പഠനപ്രവർത്തനങ്ങളുമായി സമന്വയിപ്പിച്ച് സമയബന്ധിതമായി കുട്ടികളിൽ എത്തിച്ച് അവരെ പഠനശേഷികൾ കൈവരിപ്പിച്ച് മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ രൂപപ്പെടുത്തിയെടുക്കാൻ സഹായിക്കുന്നത് എസ് ആർ ജി യാണ്.

ഈ പ്രാധാന്യം മനസ്സിലാക്കി തന്നെ അതിന്റെ അന്തസത്ത ഒട്ടും ചോർന്നു പോകാതെ എല്ലാ വെള്ളിയാഴ്ചകളിലും 3: 50 മുതൽ 4 :30 വരെ എസ് ആർ ജി ചേരുന്നു. എസ് ആർ ജി യോഗങ്ങളിലെ തീരുമാനങ്ങൾ ഓരോ ക്ലാസധ്യാപകരും ചിട്ടയായി നടപ്പിലാക്കുന്നത് വഴി കുട്ടികളിൽ ക്രിയാത്മകമായ മാറ്റങ്ങളാണ് വരുന്നത് ഇത്തരത്തിലുള്ള മാറ്റങ്ങൾക്കായി സ്കൂൾതലത്തിൽ പൊതുവായ ചില പ്രവർത്തനങ്ങളും രൂപകൽപ്പന നടത്തി മുൻവർഷം നടപ്പിലാക്കിയ തനത് പ്രവർത്തനം എഴുത്തുപുര ഈ വർഷവും തുടർന്നു വരുന്നു.ഈ വർഷം പുതിയ തനതു പ്രവർത്തനം ഗണിത വ്യവഹാരങ്ങളിൽ അധിഷ്ഠിതമാണ്.

സ്കൂൾതല എസ് ആർ ജിക്കു പുറമെ ക്ലാസ് എസ് ആർ ജിക്കും വ്യക്തമായ കാഴ്ചപ്പാട് നൽകിയിട്ടുണ്ട് ഓരോ ആഴ്ചയിലും ക്ലാസിൽ നൽകുന്ന പഠന പ്രവർത്തനങ്ങളെ കുറിച്ചുള്ള ചർച്ചകളും കണ്ടെത്തലുകളും പഠന പ്രവർത്തനങ്ങളെ ആഴത്തിൽ അറിയുന്നതിനും ഭിന്ന നിലവാരക്കാർക്ക് ആവശ്യമായ രീതിയിൽ പഠനപ്രവർത്തനങ്ങൾ നൽകുന്നതിനും ഇത് മൂലം സാധിക്കും. ദിനാചരണ പ്രവർത്തനങ്ങളെയും മറ്റു ആഘോഷങ്ങളേയും പ്രവർത്തനാധിഷ്ഠിതമായി അവതരിപ്പിക്കുമ്പോൾ എല്ലാ രീതിയിലും ശേഷി വികാസത്തിന് കുട്ടിയെ ഇത് പ്രാപ്തമാക്കുന്നു. ചർച്ചകളിലൂടെ ഈ അധ്യായന വർഷത്തിലെ വിദ്യാലയത്തിന്റെ തനത് പ്രവർത്തനമാണ് **'Infinity 25'**.

# എസ് എം സി

ഒരു വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് വിദ്യാലയത്തോട് ചേർന്ന് പ്രവർത്തിക്കുന്ന മുഖ്യഘടകം ആണ് എസ് എം സി. വിദ്യാലയത്തിലെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതോടൊപ്പം അക്കാദമിക പ്രവർത്തനങ്ങൾക്കും ആവശ്യമായ പ്രോത്സാഹനം നൽകുന്ന സംവിധാനമാണ് എസ് എം സി. ഒരു അക്കാദമിക വർഷം ആരംഭിക്കുന്നതിനു മുമ്പുള്ള ആലോചനയോഗം മുതൽ ആരംഭിക്കുന്ന പ്രവർത്തനങ്ങൾ അക്കാദമിക വർഷത്തിന്റെ അവസാനം വരെ എസ് എം സിയുടെ ഇടപെടലും പ്രവർത്തനങ്ങളും ചിട്ടയായി തുടരുന്നു. മുൻ പ്രസ്താവിച്ച വാചകം ഈ വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം വളരെ അർത്ഥവത്താണ്. സ്കൂൾ സ്റ്റാഫുമായും മറ്റു രക്ഷിതാക്കളുമായും ഈ വിദ്യാലയത്തിലെ എസ് എം സി അംഗങ്ങൾക്കുള്ള ഇടപെടൽ അങ്ങേയറ്റം പ്രശംസനീയമാണ്. വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ സജീവ ഇടപെടൽ തികഞ്ഞ ഹൃദയ വിശാലതയോടു കൂടി തന്നെയാണ് എല്ലാവരും നോക്കി കാണുന്നത്.

പുതിയ അധ്യയന വർഷത്തേക്കുള്ള ചുവടുവെപ്പ് എന്ന രീതിയിൽ സ്കൂൾ തുറക്കുന്നതിനു മുന്നോടിയായിട്ടുള്ള വിദ്യാലയ ശുചീകരണ പരിപാടികളിൽ സജീവമായ ഇടപെടൽ ആണ് പിടിഎ യുടെ ഭാഗത്തു നിന്നും ലഭിച്ചത്. ദിനാചരണ-ങ്ങൾ, ഭൗതികവികസനങ്ങൾ എന്നിവയിൽ എല്ലാം ക്രിയാത്മകമായ ഇടപെടൽ നടത്തി വിദ്യാലയത്തെ ഈ പ്രദേശത്തിന്റെ തന്നെ അഭിവാജ്യ ഘടകമാക്കി തീർക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും എസ് എം സി നൽകിവരുന്നു. ഇത്തരത്തിലുള്ള ക്രിയാത്മകമായ ഇടപെടൽ വിദ്യാലയത്തിന് എല്ലാത്തിലുമുള്ള ഊർജ്ജം നൽകുന്ന ഒന്നാണെന്ന് ഒരിക്കൽ കൂടി അടിവരയിട്ട് പറയുന്നു.

## ലിറ്റിൽ ജീനിയസ്

കുട്ടികളുടെ പൊതുവിജ്ഞാന പരിജ്ഞാനം കൂട്ടുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പ്രവർത്തനത്തിൽ ഈ വിദ്യാലയത്തിലെ എല്ലാ അധ്യാപകരുടയും സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. ഓരോ ആഴ്ചയിലും പൊതുവിജ്ഞാനത്തിൽ നിന്നും 10 ചോദ്യങ്ങളും ഉത്തരങ്ങളും കുട്ടികൾക്ക് നൽകുന്നു. നാലാഴ്ച കൂടുമ്പോൾ ഇതിൽ നിന്നും ക്വിസ് മത്സരം നടത്തി വിജയികളെ അസംബ്ലിയിൽ ആദരിക്കുന്നു. ഇത് മുൻ വർഷങ്ങലിൽ കുട്ടികൾകിടയിൽ മത്സരബോധം സൃഷ്ടിച്ചു.ഈ വർഷം ഇതിന്റെ ഭാഗമായി ഒരു മെഗാ ക്വിസ് സംഘടിപ്പിക്കുന്നുണ്ട്.

## സി പി ടി എ

കുട്ടിയെ അടുത്തറിയാൻ രക്ഷിതാക്കളുമായുള്ള ബന്ധം അനിവാര്യമാണ്. പ്രത്യേകിച്ച് അമ്മമാരുമായുള്ള നിരന്തരബന്ധം കുട്ടിയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് വഴി തെളിക്കുന്നു. ഇത് കുട്ടിയുടെ വൈകാരിക തലത്തേയും വ്യക്തിത്വ വികസനത്തേയും അങ്ങേയറ്റം സ്വാധീനിക്കും. ഓരോ സി പി ടി എകളിലും ശില്പശാലകൾ, നിർമ്മാണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, ശാസ്ത്ര പരീക്ഷണങ്ങൾ എന്നിവ നടപ്പിലാക്കുന്നു ഇതുമൂലം രക്ഷിതാക്കളുടെ സാന്നിധ്യം സി പി ടി എകളിൽ ഉറപ്പാക്കാൻ സാധിക്കുന്നു.

# ക്ലബ്ബ് പ്രവർത്തനങ്ങൾ

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വിവിധ കഴിവുകളെ പുറത്തുകൊണ്ടുവരുന്നതിന് ക്ലബ്ബ് പ്രവർത്തനങ്ങൾ സഹായിക്കുന്നു. എല്ലാ വിദ്യാർത്ഥികളേയും വിവിധ ക്ലബ്ബുകളിൽ അംഗമാക്കി ഓരോ മാസത്തിലും ക്ലബ്ബിന്റെ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. ശാസ്ത്ര ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് ,ആരോഗ്യ ക്ലബ് ,ഇംഗ്ലീഷ് ക്ലബ്ബ്, അറബിക് ക്ലബ്ബ് എന്നിവയാണ് വിവിധ ക്ലബ്ബുകൾ കൂടാതെ എല്ലാ വിദ്യാർത്ഥികളേയും ഉൾപ്പെടുത്തി വിദ്യാരംഗം ക്ലബ്ബും രൂപീകരിച്ചു.

# സ്കൂൾ അസംബ്ലി

ഒരു വിദ്യാലയത്തിന്റെ മുഖമാണ് അസംബ്ലി. അടുക്കും ചിട്ടയോടും കൂടി ഓരോ കുട്ടിയും അസംബ്ലിയിൽ പങ്കെടുക്കുന്നത് വഴി ക്രമമായി നിൽക്കുന്നതിനും അതുവഴി അച്ചടക്കബോധം സൃ-ഷ്ടിക്കാനും സാധിക്കുന്നു. ഓരോ അസംബ്ലിയിലും വിവിധതരത്തിലുള്ള മികവുകൾ നേടിയ കുട്ടികൾ, പ്രത്യേക നേട്ടങ്ങൾ കൈവരിച്ചവർ എന്നിവരെ അഭിനന്ദിക്കുന്നതിനും കളമൊരുങ്ങുന്നു. കൂടുതൽ വിജ-യങ്ങളിലേക്ക് എത്തുവാനുള്ള ഒരു പ്രോത്സാഹനമായി ഇത് മാറുന്നു. കൂടാതെ വൃത്തിയായി ക്ലാസ് റൂം സൂക്ഷിക്കുന്ന ക്ലാസുകാർക്ക് ട്രോഫി നൽകുന്നു. വൃത്തിയുള്ള അന്തരീക്ഷത്തെക്കുറിച്ചുള്ള ധാരണ കുട്ടികളിൽ ഉറപ്പിക്കുന്നു പൊതു നിർദ്ദേശങ്ങൾ ശ്രദ്ധിക്കുന്നതിനും പാലിക്കുന്നതിനുമുള്ള കഴിവ് കുട്ടികൾക്ക് ആർജ്ജിക്കാൻ ഇതു മൂലം സാധിക്കുന്നു .

# ഇംഗ്ലീഷ് അസംബ്ലി

കുട്ടികളുടെ ഇംഗ്ലീഷ് ഉപയോഗം വർദ്ധിപ്പിക്കാനും ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കുവാനും സഹായകമായ സാഹചര്യം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇംഗ്ലീഷ് അസംബ്ലി എല്ലാ ആഴ്ചകളിലും ഒരിക്കൽ നടത്തുന്നത്. പത്രവാർത്ത, ഇന്നത്തെ ചിന്താവിഷയം, പ്രാർത്ഥന ,പ്രതിജ്ഞ എന്നിങ്ങനെയുള്ള എല്ലാ നടപടിക്രമങ്ങളും ഇംഗ്ലീഷിൽ ആയിരിക്കും

# കായികം

കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഈ വർഷം വിദ്യാലയത്തിൽ കരാട്ടെ,സൈക്കിൾ, ഫുട്ബോൾ തുടങ്ങിയവയുടെ ഫലപ്രദമായ പരിശീലനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പഠനം ആരംഭിക്കുന്നതിനു മുന്നോടിയായി എല്ലാ ദിവസവും ലഘു വ്യായാമമുറകളും സൂംബ ചുവടുകളും ക്ലാസ്സിൽ നടപ്പിലാക്കും

# ഹരിത വിദ്യാലയം

നമ്മുടെ വിദ്യാലയം പൂർണ്ണമായും ഹരിത പ്രോട്ടോക്കോൾ പ്രകാരമാണ് പ്രവർത്തിച്ചു വരുന്നത്. മുൻ വർഷങ്ങളിൽ മമ്പാട് പഞ്ചായത്തിലെ എ പ്ലസ് പ്ലസ് വിദ്യാലയം എന്ന അംഗീകാരം നേടിയെടുക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട് 2025-26 വർഷത്തിൽ 'പ്ലാസ്റ്റിക് രഹിത വിദ്യാലയം'എന്ന മുദ്രാവാക്യമാണ് വിദ്യാലയം മുന്നോട്ട് വെക്കുന്നത്

# സ്കൂൾ തല തനതുപരിപാടി

ഗണിത പഠനം കുട്ടികളിൽ രസകരവും ആസ്വാദ്യകരവുമായി മാറുന്നതിനും ഗണിതത്തിലെ അടിസ്ഥാന ശേഷി വികാസത്തിനും പ്രാധാന്യം നൽകുന്നതാണ് 2025 - 26 അധ്യയന വർഷത്തെ GMLPS കാട്ടുമുണ്ട ഈസ്റ്റിന്റെ തനതുപരിപാടി

## INFINITY 25
## The World of Mathematica

INFINITY - 25 എന്ന പേരിലാണ് നമ്മുടെ തനതു പരിപാടി ആരംഭിക്കുന്നത്. ഗണിതത്തിൽ രാമാനുജന്മാരെ സൃഷ്ടിക്കുക എന്നതാണ് പരിപാടിയുടെ അന്തസത്ത.

- സംഖ്യാബോധം
- സംഖ്യാവ്യാഖ്യാനം
- സ്ഥാനവില
- ഗണിത കേളി
- സംഖ്യാപാറ്റേണുകൾ
- പസിലുകൾ
- കുസൃതി കണക്കുകൾ
- സമയം
- കലണ്ടർ
- ചതുഷ്ക്രിയകൾ

→ സംഖ്യാബോധവും ക്രിയാശേഷികളും നേടിയെടുക്കൽ

→ സ്ഥാനവില തിരിച്ചറിയൽ

→ സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ ബന്ധം കണ്ടെത്തൽ

→ നിത്യ ജീവിതത്തിലെ പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ

→ നോട്ടുകളും നാണയങ്ങളും കൂട്ടിച്ചേർത്ത് സംഖ്യകൾ രൂപീകരിക്കൽ

→ സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ

→ ഗണിത പഠനം കളിരീതിയിലൂടെ ലളിതമാക്കി വിജയം കൈവരിക്കൽ

→ ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

# ക്ലാസ് തല മാസ്റ്റർ പ്ലാൻ

## 2025 – 26

## Class I

## അക്കാദമിക മാസ്റ്റർപ്ലാൻ - 2025-26 മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- |
| - എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിന് അവസരം സൃഷ്ടിക്കുക. | - കേട്ടതോ വായിച്ചതോ ആയ കഥകൾ ആശയച്ചോർച്ചയില്ലാതെ ഭാവം ഉൾക്കൊണ്ട് സ്വന്തം ഭാഷയിൽ അവതരിപ്പിക്കൽ. (ക്ലാസ്, CPTA) | ജൂൺ | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | |
| - ശരീരാവയവങ്ങളുടെ ഏകോപനം ആവശ്യമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ആരോഗ്യം സംരക്ഷിക്കാൻ വേണ്ട കാര്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുകയും ചെയ്യുന്നു. | - Zumba ക്ലാസ്. | | ക്ലാസ് ടീച്ചർ | |
| - രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമാണ ശില്പശാലയിൽ ഏർപ്പെടുന്നു. | - CPTA, ശില്പശാല<br>- സചിത്ര ആൽബം<br>- സചിത്ര പുസ്തകം<br>- ചിത്രകാർഡുകൾ | | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | PTA |

| | | | |
|---|---|---|---|
| - ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാരരൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കൽ.<br>- ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കൽ<br>- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടൽ<br>നവമാധ്യമങ്ങളിൽ പങ്കിടൽ<br>- ലളിതമായ വായനകാർഡുകൾ നിർമ്മിക്കൽ, വായിക്കൽ | - ക്ലാസ് ലൈബ്രറി സജ്ജമാക്കൽ<br>- കുട്ടിയും രക്ഷിതാവും തമ്മിലുള്ള വായന പരിചയപ്പെടുത്തൽ<br>- വീട്ടിലൊരു ലൈബ്രറി/ വായനമൂല<br>- ശില്പശാല<br>- ചിത്രവായന<br>- സംയുക്ത ഡയറി<br>- കഥയിലെ ആശയം ചിത്രീകരിക്കൽ<br>- വായനകാർഡ് തയ്യാറാക്കൽ<br>- അക്ഷരപ്പാട്ടുകൾ<br>- ആസ്വാദ്യ വായന<br>- പാട്ടരങ്ങ് | ജൂലൈ<br>ആഗസ്റ്റ് | വിദ്യാർത്ഥികൾ<br>അധ്യാപിക<br>രക്ഷിതാവ്<br><br>അധ്യാപിക<br>രക്ഷിതാവ് |

| | | | | |
|---|---|---|---|---|
| - എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകാശിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പു വരുത്തുക.<br>- ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.<br>- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനകൾ ശില്പശാല നടത്തുന്നു.<br>- തിയറ്റർ സാധ്യതകൾ വായ കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് ആകൃഷ്ടരാക്കുന്നു. | - സംയുക്ത ഡയറി മെച്ചപ്പെടുത്തൽ<br>- പാഠപുസ്തക രചനകൾ ഭാവാത്മകമായി അവതരിപ്പിക്കൽ<br>- ആസ്വാദ്യവായന<br>- കുട്ടിക്കഥകൾ/കവിതകൾ വായിക്കൽ, അവതരിപ്പിക്കൽ.<br>- നിർമ്മാണ ശില്പശാലകൾ<br>- കൂട്ടവായന<br>- വായനോത്സവം<br>- പത്രവായന<br>- നാടകാത്മക വായന<br>- ക്ലാസ് പത്രം<br>- റീഡേഴ്സ് തിയേറ്റർ | സെപ്റ്റംബർ<br>ഒക്ടോബർ<br><br>നവംബർ<br>ഡിസംബർ | അധ്യാപിക<br>രക്ഷിതാവ് | PTA |

# Academic Master Plan 2025 - 2026

English

| Aims | Activities | Periods | Duty | Fund |
|---|---|---|---|---|
| -> Respond to simple instructions in the classroom. | • Introduce symbol words<br>• Provides Picture cards. | June | Class Teacher | |
| -> Describe orally about the pictures and objects. | • Provides picture cards. | June | | |
| -> Familiarise with simple words. | • Identify familiar words<br>• Say familiar words.<br>• Read familiar words.<br>• Write familiar words. | July | | |
| -> Enjoy songs and sing them with rhythm. | • Enjoy songs. and sing them with rhythm and action | August | | |
| -> Encourages reading and writing | • Read and write simple sentences.<br>• Provides picture cards and | September | | |

| | | | | |
|---|---|---|---|---|
| | reading cards. | | | |
| Familiarise with simple sentences. | • Make word chain and sentence chain.<br>• Make riddles.<br>• Describing words, rhyming words.<br>• Text book activities. | october | | |
| Encourage reading | • Prepare reading cards.<br>• Provide more opportunities to read, write and speak English<br>• Writes five English words daily. | November | | |
| | • Read and understand simple instructions in the classroom.<br>• Encourage digital reading | December | | |

| | | | | |
|---|---|---|---|---|
| Familiarise with the names of birds, animals and youngones. | • Make picture album.<br>• Collect pictures of animals and their youngones.<br>• Provide the oppotunity to express myself in the classroom. | January<br><br>February | | |
| Describe about pictures. | • Speaks English fluently<br>• Read and write simple sentences.<br>• Picture reading and picture description. | March. | | |

# ക്ലാസ്തല മാസ്റ്റർ പ്ലാൻ

# 2025 - 26

# Class II

| പ്രവർത്തന ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| * ആത്മവിശ്വാസത്തോടെ സ്വന്തം വായനക്ക് അവസരമൊരുക്കുന്നു.<br>* സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.<br>* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.<br>* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.<br>* സ്വന്തം ചിന്തകളും ഉത്പന്നങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു. | മലയാള മധുരം.<br>* SRG ൽ അവലോകനം<br>* CPTA ൽ അവലോകനം<br>* കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു.<br>* വായനോത്സവം – ഓരോ മാസവും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം<br>* പുസ്തക പ്രകാശനം | മെയ് അവസാനം<br>ജൂൺ<br>ജൂലൈ<br>ഓരോ മാസവും<br>ജനുവരി. |
| | | |

| | | |
|---|---|---|
| <u>സംയുക്ത ഡയറി</u><br>* സ്വന്തം അനുഭവക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.<br>* സ്വന്തം അനുഭവങ്ങൾ എഴുതുന്നതിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.<br>* സ്വതന്ത്ര രചന നടത്തുന്നതിന്<br>* ഭാഷാശേഷി വികസിക്കുന്നതിന് | * SRG ൽ വെച്ച് ഡയറിയുടെ അവതരണം.<br>* CPTA ൽ ഡയറി പരിചയപ്പെടുത്തൽ രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ.<br>* എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.<br>* സംയുക്ത ഡയറി പുസ്തക രൂപത്തിൽ ആക്കുന്നു.<br>* സംയുക്ത ഡയറി പ്രകാശനം | ജൂൺ ആദ്യം.<br>ജൂൺ രണ്ടാം വാരം.<br>ജൂലൈ<br>ജനുവരി.<br>ജനുവരി |
| <u>പാട്ടരങ്ങ്.</u><br>* താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. | | |

| | | |
|---|---|---|
| * കൃതികൾ വായിച്ച് ആസ്വദിക്കുന്നു. ഔചിത്യം സംഭാഷണവും അവതരിപ്പിക്കുന്നു.<br>* ഈണം, താളം, ഭാവം, അർത്ഥം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.<br>* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.<br>* ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാകുന്നു. | * പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ SRG യിൽ ചർച്ച<br>* പാട്ടരങ്ങ് ഒരുക്കാൻ ശില്പശാല സംഘടിപ്പിക്കുന്നു.<br>* കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ | ജൂൺ<br>ആഗസ്റ്റ്<br>സെപ്റ്റംബർ മുതൽ എല്ലാ മാസവും. |
| **സചിത്ര പുസ്തകം:**<br>* രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തക രൂപത്തിൽ | * കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. | മെയ് |

| | | |
|---|---|---|
| അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.<br>* എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.<br>* കുട്ടികൾ സ്വന്തമായ രചനകളും വായനക്കാർഡുകളും വരുന്നു.<br>* പ്രവർത്തനങ്ങളിൽ വരി സ്വരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉൾപ്പെട്ട സമഗ്ര ഉറപ്പു വരുത്തുന്നു | * വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു.<br>* ഏകദിന രക്ഷാകർതൃ ശില്പശാല സംഘടിപ്പിക്കുന്നു.<br>* ഭാഷോത്സവത്തിൽ സചിത്രബുക്കുകൾ അവതരിപ്പിക്കൽ. | ജൂൺ<br>ജൂൺ<br>മാർച്ച് |
| <u>റീഡേഴ്സ് തിയേറ്റർ</u><br>* രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | * SRG ൽ ആശയം പങ്കിടൽ<br>* CPTA ൽ ആശയം പങ്കിടൽ വിവിധ ഉൽപ്പന്നങ്ങൾ | ജൂൺ<br>ജൂൺ |

| | | |
|---|---|---|
| * രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.<br>* പാഠപുസ്തകങ്ങളിലെയും ലഘു ബാല സാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു. | * ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല<br>* എല്ലാ കുട്ടികളും ഉൾപ്പെടുന്ന പാഠഭാഗങ്ങൾ, ലഘുബാലസാഹിത്യകൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു.<br>* മികച്ചത് ബാല സഭയിൽ<br>* ഭാഷോത്സവത്തിൽ മികച്ചത് അവതരണം. | ജൂലൈ<br>ജൂലൈ – മാർച്ച്<br>എല്ലാ മാസവും<br>ഫെബ്രുവരി |
| **ശാസ്ത്രവിശേഷം കൂട്ടുകൂട്**<br>* പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു.<br>* പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.<br>* നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ | * SRG ൽ അവതരണം<br>* പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പ് എന്നിവ SRG ൽ ആസൂത്രണം ചെയ്യുന്നു. | ജൂൺ |

## ഭാഷോത്സവം

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കുട്ടികളുടെ സ്വന്തം രചനക്ക് സാധ്യത ഒരുക്കുന്നു.
* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.
* ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

* ഭാഷോത്സവം SRG ൽ ആസൂത്രണം ചെയ്യുന്നു.
* PTA ന്റെ പിന്തുണ ഉറപ്പാക്കുന്നു.
* പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
* ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ തയാറാക്കുന്നു.
* പ്രദർശനത്തിനുള്ള ഒരുക്കങ്ങൾ ചെയ്യുന്നു.
* സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നു.
* ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

അക്കാദമിക

മാസ്റ്റർ പ്ലാൻ

2025-26

ക്ലാസ് II

ഗണിതം

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| - ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ [ദ്വിമാന, ത്രിമാന] തിരിച്ചറിയുന്നു.<br>- വ്യത്യസ്ത രൂപങ്ങൾ ചേർത്ത് പുതിയ രൂപങ്ങൾ നിർമിക്കാം. | * ചിത്രം നോക്കി അറിയാവുന്ന രൂപങ്ങൾ കണ്ടെത്തി പറയൽ.<br>* ഘന രൂപങ്ങളുടെ മാതൃക നോക്കി കണ്ടെത്തൽ.<br>* രൂപങ്ങളുടെ സവിശേഷതകൾ പറയൽ.<br>* രണ്ടു രൂപങ്ങൾ ചേർന്നു വരുന്ന രൂപത്തിന്റെ ചിത്രം വരയ്ക്കുന്നു, നിറം നൽകുന്നു. | ജൂൺ |
| - നിത്യ ജീവിതവുമായി ബന്ധപ്പെട്ട് 50 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം | * 1, 2, 3, 4, ....<br>1, 3, 5, 7 ...<br>10, 20, 30, 40 ...<br>2, 4, 6, 8 .... | |

| | | |
|---|---|---|
| ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>- 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു.<br><br>- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. [100 ൽ താഴെ] | 5, 10, 15, 20 ... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തുന്നു.<br>* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.<br><br>* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.<br>* ഒന്നിന്റെയും പത്തിന്റെയും | ജൂലൈ |

| | | |
|---|---|---|
| | കുട്ടികൾക്ക് സംഖ്യ രൂപീകരിക്കാൻ. 10 രൂപ + 5 രൂപ = 15 രൂപ (നോട്ട്, നാണയം) | |
| - സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷികൾ ഉറപ്പാക്കൽ. | * സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.<br>* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി [സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ]<br>* രണ്ടക്ക സംഖ്യകളുടെ തുക, വ്യത്യാസം എന്നിവ കണ്ടെത്താൻ വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. | ഡിസംബർ |
| - സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | * വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ് | ജനുവരി |

| | | |
|---|---|---|
| | -നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ.<br>* സങ്കലന വ്യവകലന ക്രിയകൾ ചെയ്യൽ.<br>* നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. | |
| - ഗണിതം ആസ്വാദ്യകരമാകാൻ കളിരീതികൾ ഉപയോഗിക്കുന്നു. | * ഗണിതം ആസ്വാദ്യകരമാകാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.<br>* ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ.<br>* ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ. | ഫെബ്രുവരി |
| - കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ എന്നിവ | * കലണ്ടറിൽ ചുവന്ന അക്കങ്ങളും | |

# Academic

# Master plan

2025-26

Class II

English

| Month | Learning objectives | Activities |
|---|---|---|
| June | To check and develop all pre-skills | Pre-test, myself introduction, picture reading, colouring, Identifying English rhymes and simple words, Games, Quiz |
| July | To develop listening skills | Games, Action songs, Hello English activities, conversations, skit, Stories, video presentations (use ICT) |
| August | understanding the structure of simple sentences | Text book Activities, Descriptions, Stories, Add more lines, Diary writing. |

| | | |
|---|---|---|
| September | Develop the ability to observe things around. | field trip, Project, Reading simple stories, school, house, family relations |
| October | understand Impostance of English language | English day, Assembly, book Reviews, video presentations, poet's introduction, poem Recitation, prepare Author's short descriptions. |
| November | Develop a positive attitude towards socialisation and friend ship | Read moral stories, Day-Celebrations of famous socialists, video presentations, school club activities, classroom group level activities, skit. |

| | | |
|---|---|---|
| December | Engage in and perform skits and Choreography | preparing unit based skits, Video presentation |
| January | prepares the thoughts of a Character based on the contextual input. | Role play, picture reading, Add more lines, group activities. |
| February | To develop speaking and Reading skills | Read simple stories, songs, and conversational pieces, Engage in reader's theatre, speech, Story telling, Reading cards, library books. |
| March | To develop writing skills | Thought and dialogues related to specific contexts using structured expressions, Add more lines, poster making, Diary writing. |

# ക്ലാസ്തല മാസ്റ്റർ പ്ലാൻ

# 2025 - 26

# class III

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1. ഗണിത മാഗസിൻ<br>2. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിന ക്യാമ്പ്<br>3. ഗണിത ക്ലബ് ഗണിതപ്രവർത്തനങ്ങൾ കളിയിലൂടെ | ജനുവരി - മാർച്ച്<br>സെപ്തംബർ<br>മാസത്തിൽ മൂന്ന് ദിനം | ക്ലാസ് ടീച്ചർ | PTA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ-ശേഷി വളർത്തൽ | 1. ഒരു ദിനം ഒരു ചോദ്യം (ക്വിസ്സ് മത്സരങ്ങളും ഗണിത പസിലുകളും പരിശീലിപ്പിക്കൽ)<br>2. ഗണിത ക്ലബ്ബ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ മൂന്നു ദിനം<br>മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | P.T.A |

മേഖല - അക്കാദമിക
ഉപമേഖല - ഗണിതം
ക്ലാസ് - 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സാദൃശ്യം തിരിച്ചറിയാം | 1. ഒറിഗാമി ശില്പശാല (ലളിതമായ ഗണിത. പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ അനുഭവത്തിനും ഒറിഗാമി [illegible] രൂപങ്ങൾ നിർമ്മിക്കാൻ പ്രദർശിപ്പിക്കാൻ) | ഒക്ടോബർ | ക്ലാസ് ടീച്ചർ | PTA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | 2. വെദിക് മേള ഗണിതോത്സവം | ജനുവരി | | |

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന. മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ്. | ജൂൺ. | അധ്യാപകൻ. | P.T.A |
| | * ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ. | C. P. T. A | C. P. T. A |
| | * ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ. | അധ്യാപകൻ. |
| | * അമ്മ വായന, അമ്മമാരുടെ വായനാക്കുറിപ്പുകൾ | അധ്യയന വർഷം മുഴുവൻ. | C. P. T. A. | ഇല്ല. |
| | CPTA-ൽ അവതരണം. വായനാ കാർഡുകൾ തയ്യാറാക്കൽ. | ജൂൺ - ജൂലൈ. | അധ്യാപകൻ | C. P. T. A. |
| ലേഖനം. വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക. അക്ഷരം തെറ്റുകൂടാതെ എഴുതാനുള്ള ശേഷി കൈവരിക്കൽ. വിവിധ ഭാഷാവ്യവഹാരങ്ങൾ രചനനടത്താനുള്ള ശേഷി കൈവരിക്കൽ. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചന നടത്തൽ.<br>• ജൂൺ 5 - പരിസ്ഥിതി ദിനം - പോസ്റ്റർ<br>• ജൂൺ 19 - വായനാദിനം വായനാവാരം.<br>• ആഗസ്റ്റ് 6 ഹിരോഷിമ ദിനം - പോസ്റ്റർ.<br>• ആഗസ്റ്റ് - 9 നാഗസാക്കി ദിനം - പോസ്റ്റർ | ജൂൺ<br>ജൂൺ.<br>ആഗസ്റ്റ്. | അധ്യാപകൻ. | C. P. T. A |

| | | | | |
|---|---|---|---|---|
| | • ആഗസ്റ്റ് 15<br>• സ്വാതന്ത്ര്യ ദിനം.<br>സെപ്തംബർ 5 അധ്യാപക ദിനം.<br>പഴയകാല അധ്യാപകരുമായി അഭിമുഖം.<br>• ഒക്ടോബർ 2. ഗാന്ധിജയന്തി.<br>കുറിപ്പ് തയ്യാറാക്കൽ.<br>• ഒക്ടോബർ 10 ദേശീയ തപാൽ ദിനം<br>കൂട്ടുകാരനൊരു കത്ത്.<br>• നവംബർ-1 കേരളപ്പിറവി.<br>പ്രസംഗം.<br>• നവംബർ 14. ശിശു ദിനം.<br>പ്രസംഗം. | ആഗസ്റ്റ്.<br>സെപ്തംബർ.<br>ഒക്ടോബർ.<br>ഒക്ടോബർ.<br>നവംബർ.<br>നവംബർ. | അധ്യാപകർ. | |
| സർഗാത്മക പ്രകടനം. | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ.<br>വേദി. C. P. T. A. | അധ്യയന വർഷം മുഴുവൻ. | C.P.T.A. | ഇല്ല. |

<u>ലക്ഷ്യം</u> :-

<u>ചുറ്റുപാടുമുള്ള</u> <u>സസ്യങ്ങളെ</u> അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| ഞാനും എന്റെ പരിസരവും:-<br>ചുറ്റുപാടും നിരീക്ഷിച്ച്, സസ്യങ്ങളെ പ്രത്യേകതകൾക്കനുസരിച്ച് തരംതിരിക്കൽ, മരങ്ങൾ കുറ്റിച്ചെടികൾ വർഗീകരണം, സസ്യങ്ങളുടെ വളർച്ച രീതികൾ മനസിലാക്കൽ<br>പൂന്തോട്ടം ഒരുക്കാം:<br>• ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>or<br>• സ്കൂൾ പൂന്തോട്ട നിർമ്മാണം | ജൂൺ - ജനുവരി |

ലക്ഷ്യം :-

പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| പ്രകൃതി നടത്തം :-<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകളെ മനസിലാക്കാം.<br>• വിവിധ ആവാസ വ്യവസ്ഥകളെ അടുത്തറിയാം<br>• ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം.<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കാം. (ഡോക്യുമെന്ററി പ്രദർശനം) | ജൂൺ - ഒക്ടോബർ. |

| | |
|---|---|
| ഒരു തൈ നടാം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ | ജൂൺ |
| പോസ്റ്റർ നിർമ്മാണം<br>• പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരത്തുള്ളിൽ പതിക്കൽ | ജൂലൈ |
| ദാഹജലം<br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം | മാർച്ച് |
| ലക്ഷ്യം :- | |
| കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക. | |

| പ്രവർത്തനം | കാലയളവ് |
| --- | --- |
| • ദിന കൃത്യങ്ങൾ:-<br>ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു | ജൂൺ- മാർച്ച് |
| നമ്പർ വൺ:-<br>• ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം<br>• ക്ലാസ് റൂം, പരിസര ശുചിത്വം | ജൂലൈ - മാർച്ച് |
| പരിസര നടത്തം<br>• പരിസരത്തിലെ മലിനീകരണ പ്രശ്നം അടുത്തറിയുന്നു. - സർവ്വേ. | ഡിസംബർ |
| നല്ല ശീലം:-<br>• പോസ്റ്ററുകൾ തയ്യാറാക്കുന്നു.<br>• പരിസരത്തിൽ പതിക്കുന്നു. | |

Aim : To speak, Read and Write English without any mistake

Time : June to March . .

To develop listening skills and reading skills .

| | |
|---|---|
| Listening skills .<br>• Games, Action songs<br>× Conversations, skit<br>× stories | June and July . |
| sp Reading skills<br>• Identifying the naming words & action words from same picture .<br>Speaking skills : and writing skills .<br>× Make simple sentences using action words .<br>× Develop the creative speaking | August and September . |

| | |
|---|---|
| Reading skills<br>News paper reading<br>library book reading, book review<br>writing skills<br>Make word web<br>picture description with describing words<br>word chain, sentence chain<br>Making sentences, riddles, conversation<br>Add more lines.<br>Speaking skills<br>Speech self introduction<br>creative speaking | August -<br>September |

| | |
|---|---|
| Reading skills<br>News paper reading, skit, stories, diary<br><br>Writing skills<br>diary<br>letter<br>Announcement<br>description, thought<br>Activities : speech, quiz, riddles, school radio<br>make magazine, skits | December<br><br>and<br><br>January. |
| Reading skills:-<br>News paper reading, library book, conversation<br>Writing skills:-<br>poster, letter. | February and<br>March. |

# ക്ലാസ്തല മാസ്റ്റർ പ്ലാൻ

## 2025 - 26

## Class IV

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഫണ്ട് |
|---|---|---|---|---|
| അക്ഷര സ്ഫുടതയോടും ഒഴുക്കോടെയും ആശയ വ്യക്തതയോടെയുമുള്ള വായന | ഒഴുക്കോടെയുള്ള ഉച്ചത്തിലുള്ള വായന<br>നിശബ്ദ വായന<br>ഉച്ചത്തിൽ വായന<br>വായന കാർഡ് വിതരണം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| | വായന കാർഡ് എഴുതുന്നു<br>രക്ഷിതാവിനെ വായിച്ച് കേൾപ്പിക്കൽ<br>ഓഡിയോ / വീഡിയോ നിർമാണം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ. | |
| ലൈബ്രറി ശാക്തീകരണം | കുട്ടികൾക്ക് കഥകൾ വായിക്കാൻ അവസരം നൽകൽ. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ക്ലാസ് ലൈബ്രറി ഒരുക്കൽ<br>ക്ലാസ് തല ഉദ്ഘാടനം<br>വായിച്ചറിഞ്ഞ ആശയം പറയുന്നു.<br>കൂട്ടുകാർക്കു മുന്നിൽ ഒഴുക്കോടെ വായന | ജൂൺ | | |
| കഥ, കവിത എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | ICT ഉപയോഗിച്ച് കഥകൾ കാണാൻ അവസരം<br>കഥകൾ എഴുതുന്നു.<br>സാങ്കൽപ്പിക മൂല്യമുള്ള കഥകൾക്ക് പ്രാധാന്യം<br>രക്ഷിതാവിന്റെ സഹായത്താൽ തുടർപ്രവർത്തനം | ആഗസ്റ്റ് - മാർച്ച് | മലയാളം അധ്യാപിക | |
| ചിത്ര വായന | ചിത്രം നിരീക്ഷിക്കൽ<br>ചിത്ര വായന<br>ചിത്ര വിവരണം | സെപ്റ്റംബർ | മലയാളം അധ്യാപിക | |

| | | | | |
|---|---|---|---|---|
| കവിത പൂർത്തിയാക്കൽ പാടി അവതരിപ്പിക്കൽ | കവിത പൂർത്തിയാക്കാൻ അവസരം<br>ഈണം കണ്ടെത്തുന്നു.<br>വരികൾ കൂട്ടിച്ചേർക്കുന്നു. | ജനുവരി | ക്ലാസ് ടീച്ചർ | |
| എഴുത്ത് പരിപോഷിപ്പിക്കൽ | രചനോൽസവം<br>സർഗാത്മക ഡയറി<br>സ്വതന്ത്ര രചനകൾക്ക് അവസരം<br>മെച്ചപ്പെടുത്തൽ<br>അവതരണം | ജൂൺ-മാർച്ച് | മലയാളം അധ്യാപിക | |
| പഠന മികവ് അവതരണം<br>ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികളുടെ സ്വതന്ത്ര അവതരണം. | കാവ്യോത്സവം<br>രചനാ പരിചയ കുറിപ്പ്<br>'പഠനോത്സവം - 26'<br>കുട്ടികളുടെ സർഗശേഷികളുടെ അവതരണം. | മാർച്ച് | HM<br>CPTA<br>Class Teacher | |

# Academic Master Plan 2025 - 26 English

| Aims | Activities | Periods | Duty | Fund |
| --- | --- | --- | --- | --- |
| Improves (LSRW)<br>Listening<br>Speaking<br>Reading and writing<br>Enhance students Vocabulary | English Assembly<br>Teacher reading<br>co- reading<br>Group reading.<br>Chain reading<br>Reading Card creation<br>Magazine - Writing | June - March | Class Teacher | |
| English Diary<br>Write English diary without Spelling | Daily diary<br>creative diary | Twice in week | Class Teacher | |
| Readers theatre<br>To enhance students Creative thinking and writing | English Skit<br>Drama<br>TPR Mime | Once in month | English Teacher | |

| | | | | |
|---|---|---|---|---|
| English Magazine<br>Ensure creative writing | Publish an English magazine | Once in year | class Teacher | |
| English letter writing<br>(Enhance sentence making)<br>How to make a letter<br>Write a letter | Write a letter to your friends or relatives | class Teacher | Once in a month | |
| Reading corner<br>English Library<br>Promote reading habits | Develop class Library<br>Supplying books<br>Creative reading corner<br>Describe the book | once in month | class Teacher | |
| English Fest<br>Conduct and English Fest<br>Improve children's confidence level<br>English vocabulary<br>English atmosphere | Reading competition<br>Writing competition<br>Elocution<br>Recitation<br>'Padanolsavam - 26' | March 2026 | class Teacher | |

അക്കാദമിക മാസ്റ്റർപ്ലാൻ - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| മുന്നറിവ് പരിശോധന | പ്രീടെസ്റ്റ് | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ. | |
| പഠന വിടവ് പരിഹരിക്കൽ | സമാന്തര പ്രവർത്തനം [work sheet] നൽകുന്നു. | ജൂൺ 3 - 13 | ക്ലാസ് ടീച്ചർ SRG | PTA |
| പഠന വിടവ് നികത്തൽ- പരിശോധന. | പോസ്റ്റ് ടെസ്റ്റ് | ജൂൺ 17 | ക്ലാസ് ടീച്ചർ. | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കുന്നു.) | വിവിധ കളികൾ ആസൂത്രണം ചെയ്യുന്നു. [ ഏണിയും പാമ്പും, കാർഡ് കളി, തംബോലാസ്] | ജൂൺ 25-30 | ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| ഒറിഗാമിയിലൂടെ പഠനം<br>ഗണിതശാസ്ത്ര പഠനം രസകരമാക്കൽ, കരചലന ശേഷി വികാസം. | ഒറിഗാമി രൂപങ്ങളുടെ നിർമാണം, പ്രദർശനം. | വർഷത്തിലൊരി-ക്കൽ | SRG<br>CPTA | PTA |
| ടാൻഗ്രാം നിർമാണം<br>ടാൻഗ്രാം രൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ നിർമ്മിക്കുന്നു. | ടാൻഗ്രാം മുറിച്ചെടുക്കൽ.<br>ടാൻഗ്രാം രൂപങ്ങൾ നിർമിക്കൽ | ജൂലായ് | ക്ലാസ് ടീച്ചർ | PTA |
| വിവിധ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ, നിർമാണം. | ജ്യാമിതീയ രൂപങ്ങൾ ചാർട്ട് പേപ്പറിൽ നിർമ്മിക്കുന്നു. അവ ചേർത്ത് വ്യത്യസ്ത ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു. | ജൂലായ് | ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതലാബ്, ഗണിതപ്പെട്ടി<br>ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ | ഗണിതലാബ് ഒരുക്കൽ, ഗണിതപ്പെട്ടി നിർമിക്കുന്നു. | ജൂൺ- മാർച്ച് | SRG<br>CPTA | PTA |
| ഗണിതച്ചുമർ<br>ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിതച്ചുമർ ഒരുക്കുന്നു, ഉപയോഗപ്പെടുത്തുന്നു. | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | |
| ഗണിത പഠനോപകരണ ശില്പശാല<br>പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണ പ്രദർശനം. | സെപ്റ്റംബർ | CPTA<br>SRG | PTA |
| ഗണിതമേള<br>ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാട്ടുകൾ പഠനോൽപന്നങ്ങളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | CPTA<br>SRG | PTA |

| ലക്ഷ്യം. | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| സംഖ്യാബോധം | വിവിധ സംഖ്യാ ചാർട്ടുകൾ പൂർത്തിയാക്കുന്നു. ആരോഹണ ക്രമത്തിലും അവരോഹണ ക്രമത്തിലും എഴുതുന്നു. | സെപ്റ്റംബർ - മാർച്ച് | | |
| ചതുഷ്ക്രിയകൾ സ്വായത്തമാക്കുന്നതിന്. | സംഖ്യാചക്രം കറക്കി വ്യത്യസ്ത സംഖ്യകൾ തിരഞ്ഞെടുക്കുന്നു. അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ ചെയ്യുന്നു. | സെപ്റ്റംബർ-മാർച്ച് | | |
| മികവ് അവതരണം | പഠനോത്സവം | മാർച്ച് 2026 | ക്ലാസ് ടീച്ചർ | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# പരിസരപഠനം

## Class : IV

# അക്കാദമിക മാസ്റ്റർ പ്ലാൻ : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ | പ്രകൃതി നടത്തം<br>പൂന്തോട്ട നിർമ്മാണം<br>പച്ചക്കറിത്തോട്ട നിർമ്മാണം | ജൂൺ 3 - 15 | ക്ലാസ് ടീച്ചർ, അദ്ധ്യാപകർ | PTA |
| നിരീക്ഷണം - അറിവു നിർമ്മാണം | പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>ICT സാധ്യത - വീഡിയോ പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ, HM, മറ്റ് അധ്യാപകർ. | PTA |
| വ്യക്തി ശുചിത്വം. പരിസര ശുചിത്വം. | ബോധവൽക്കരണ ക്ലാസ്, ചർച്ച, ക്ലാസ് - സ്കൂൾ തല സർവ്വേകൾ, പോസ്റ്റർ തയ്യാറാക്കൽ, വൃത്തിയുള്ള ക്ലാസിന് സമ്മാനങ്ങൾ നൽകൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| മുന്നറിവ് പരിശോധന | പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ 5 | ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പഠനവിടവ് നികത്തുവാനാവശ്യമായ പ്രവർത്തനങ്ങൾ | സന്നദ്ധതാ പ്രവർത്തനങ്ങൾ | ജൂൺ 3-13 | ക്ലാസ് ടീച്ചർ | |
| പഠനവിടവ് നികത്തൽ - പരിശോധന | പോസ്റ്റ് ടെസ്റ്റ് നടത്തുന്നു | ജൂൺ 17 | ക്ലാസ് ടീച്ചർ | |
| ശാസ്ത്രമേള : ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ജൂലൈ – മാർച്ച് | SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| 5E പ്രവർത്തനങ്ങൾ :<br>Engage<br>Explore<br>Explain<br>Elaborate/Extend<br>Evaluate. | 5E ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ ഒരുക്കുന്നു. (പരീക്ഷണം, നിരീക്ഷണം, ഫീൽഡ് ട്രിപ്പ് etc.) പ്രൊജക്ട് etc.)<br>ശാസ്ത്ര പഠനം വിജ്ഞാന മേഖലകൾ പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര വിസ്മയച്ചുമർ<br>ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ<br>SRG | PTA |
| ശാസ്ത്രോത്സവം<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്, പരീക്ഷണം, ചാർട്ട്, ആൽബം, പഠനോപകരണ നിർമ്മാണം, ശാസ്ത്രമാസിക still models, working models. – പ്രദർശനം. | ഒക്ടോബർ – മാർച്ച് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ഭൂപടമൊരുക്കാം:<br>ജില്ല, കേരളം – ഇന്ത്യ ഭൂപട വായന,<br>സൂചിക പരിചയപ്പെടൽ | ജിഗ്സോ പസിൽ<br>ഭൂപട വായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം.<br>ദിക്കുകൾ തിരിച്ചറിയൽ. | ഒക്ടോബർ | ക്ലാസ് ടീച്ചർ | PTA. |
| പഠനോത്സവം<br>മികവുകളുടെ അവതരണം പ്രദർശനം. | ശാസ്ത്ര നാടകം, സ്കിറ്റുകൾ, എക്സിബിഷൻ | മാർച്ച് | ക്ലാസ് ടീച്ചർ<br>SRG<br>CPTA | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 – 26

## അറബിക്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഫണ്ട്. |
|---|---|---|---|---|
| * അക്ഷര വായന<br>* എഴുത്തുരീതി<br>* ചിഹ്നങ്ങൾ ചേർത്തു വായന | * അക്ഷരകാർഡുകൾ നൽകുന്നു.<br>* അക്ഷരങ്ങൾക്ക് നിറം നൽകാൻ ആവശ്യപ്പെടുന്നു.<br>* ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>* അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു.<br>* ICT ഉപയോഗിക്കുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ. | |
| * പദനിർമ്മാണം<br>പദശേഖരണം | * അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു.<br>* പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ | | ക്ലാസ്ടീച്ചർ | |

1

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഫണ്ട്. |
|---|---|---|---|---|
| * അക്ഷര വായന<br>* എഴുത്തുരീതി<br>* ചിഹ്നങ്ങൾ ചേർത്തു വായന | * അക്ഷരകാർഡുകൾ നൽകുന്നു.<br>* അക്ഷരങ്ങൾക്ക് നിറം നൽകാൻ ആവശ്യപ്പെടുന്നു.<br>* ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>* അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു.<br>* ICT ഉപയോഗിക്കുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ. | |
| * പദനിർമ്മാണം<br>പദശേഖരണം | * അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു.<br>* പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ | | ക്ലാസ്ടീച്ചർ | |